സബ്സിഡി ലഭിക്കുന്നു. മലിനീകരണ നിയന്ത്രണ മെഷീനുകൾ സ്ഥാപിക്കുന്നതിന് സ്ഥിരനിക്ഷേപത്തിന്റെ 15 ശതമാനം (പരമാവധി 5 ലക്ഷം രൂപ) സബ്സിഡി അനുവദിക്കുന്നു. ചെറുകിട വ്യവസായ ഉൽപ്പന്നങ്ങളുടെ വിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളേയും സർക്കാർ ഇതര സ്ഥാപനങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ എന്നിങ്ങനെയുള്ളവയേയും പ്രോൽസാഹിപ്പിക്കുന്നതിനായി പ്രവർത്തന മൂലധനത്തിന്റെ 15 ശതമാനം (പരമാവധി 5 ലക്ഷം രൂപ) കരുതൽ ധനവായ്പയായി അനുവദിക്കുന്നു. നിക്ഷേപത്തിന്റെ 15 ശതമാനം (പരമാവധി 10 ലക്ഷം രൂപ) നിക്ഷേപ സബ്സിഡിയായി അനുവദിക്കുന്നു. കരകൗശല സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി പങ്കാളിത്തം, ഗ്രാന്റ് അപ്പക്സ് സംഘങ്ങൾക്ക് ധനസഹായം കരകൗശല മേഖലയിലെ വ്യവസായ സംരംഭകർക്ക് ധനസഹായം എന്നിവയും നൽകുന്നു.

## ഫർണിച്ചർ വിതരണം ചെയ്ത വകയിൽ സിഡ്കോയ്ക്ക് കൊടുക്കുവാനുള്ള തുക

21 [3028] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിഡ്കോ ചെറുകിട വ്യവസായ യൂണിറ്റുകൾ മുഖേന വാണിജ്യ വ്യവസായ ഡയറക്ടർ ഓഫീസിനും അതിന്റെ നിയന്ത്രണത്തിനുള്ള മറ്റ് ഓഫീസുകൾക്കും ഫർണിച്ചർ വിതരണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഇനത്തിൽ സിഡ്കോയ്ക്ക് എന്ത് തുക കൊടുക്കാനുണ്ട്;

(സി) ഈ തുക കൊടുത്തുതീർക്കാത്തതെന്തുകൊണ്ടാണ്;

(ഡി) ഈ തുക എന്നുമുതലുള്ള കുടിശ്ശികയാണ്;

(ഇ) സിഡ്കോയുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഈ തുക കൊടുക്കുവാൻ നിർദ്ദേശം നൽകുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) 1,32,928 രൂപ സിഡ്കോയ്ക്ക് ലഭിക്കാനുണ്ട്.

(സി—ഇ) 3-7-1998 മുതൽ 19-9-2001 വരെ നൽകിയ സാധനങ്ങൾക്കുള്ള തുക കുടിശ്ശികയാണ്. ഇതു സംബന്ധിച്ച വിശദവിവരങ്ങൾ ജില്ലാ വ്യവസായ ഓഫീസർമാരിൽനിന്നും ശേഖരിച്ച് പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly